"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - മലപ്പുറം ജില്ല - കാളികാവ് ബ്ലോക്ക് പഞ്ചായത്ത് - ചോക്കാട് ഗ്രാമപഞ്ചായത്ത് - തട്ടാരുമുണ്ട - മൈലാടിച്ചോല റോഡ് പുനരുദ്ധാരണ പ്രവൃത്തി - അന്തിമ ബിൽ തുക അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.776/2025/DMD തീയതി,തിരുവനന്തപുരം, 24-12-2025

പരാമർശം:-
1. സ. ഉ. (സാധാ) നം. 757/2012/ഡി.എം.ഡി. തീയതി, 15.02.2012
2. മലപ്പുറം ജില്ലാ കളക്ടറുടെ 01.11.2025 ലെ DCMPM/12136/2023-DM2 നമ്പർ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (1) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ചോക്കാട് ഗ്രാമ പഞ്ചായത്തിലെ തട്ടാരുമുണ്ട - മൈലാടിച്ചോല റോഡ് പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവായിട്ടുണ്ടായിരുന്നു. ടി. പ്രവത്തിയുടെ ബില്ല് നിർവ്വഹണോദ്യോഗസ്ഥൻ ജില്ലാകളക്ടർക്ക് സമർപ്പിച്ചത് 02.09.20219 ലാണെന്നും, ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ജോലി ആവശ്യത്തിനായി വിദേശത്ത് പോയതിനാലാണ് ബില്ല് സമർപ്പിക്കാൻ വൈകിയത് എന്നും കൂടാതെ മേൽ പ്രവൃത്തി പൂർത്തീകരിച്ച് 8 വർഷത്തോളമായതിനാൽ സോളിംഗ് പ്രവൃത്തികളും പഴയ നെയിം ബോർഡും മാത്രമെ കാണുവാൻ സാധിച്ചുള്ളൂവെന്നും ആയതിനാൽ ടി പ്രവൃത്തിക്ക് ചെലവായ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ചോക്കാട് ഗ്രാമപഞ്ചായത്തിലെ തട്ടാരുമുണ്ട - മൈലാടിച്ചോല റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് വേണ്ടി ചെലവായ 2,99,512/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ്റി പന്ത്രണ്ട് മാത്രം) മാത്രം അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB1/241/2025-DMD).

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 24-12-2025 13:20:29

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്